**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2615** **13-02-2024 - ൽ മറുപടിയ്ക്ക്**

**ധനക്കമ്മി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. സനീഷ്കുമാർ ജോസഫ്</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>2016 -21 സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ ധനക്കമ്മി എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>2016-21 സർക്കാരിന്റെ കാലം മുതൽ 2022-23 സാമ്പത്തിക വർഷം വരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ ധനക്കമ്മി എത്രയായിരുന്നുവെന്നു ചുവടെ പട്ടികയായി ചേർക്കുന്നു .<br><br>(₹ കോടിയിൽ)<br><br>
<table>
<tr><th>സാമ്പത്തിക വർഷം</th><th>ധന കമ്മി</th></tr>
<tr><td>2016-17</td><td>26448.35</td></tr>
<tr><td>2017-18</td><td>26837.41</td></tr>
<tr><td>2018-19</td><td>26958.31</td></tr>
<tr><td>2019-20</td><td>23837.48</td></tr>
<tr><td>2020-21*</td><td>35203.69</td></tr>
<tr><td>2021-22*</td><td>37306.47</td></tr>
<tr><td>2022-23</td><td>25554.54</td></tr>
</table>
<br>. (*2020-21 ,2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ടി നഷ്ട പരിഹാരം വായ്പയായാണ് കേന്ദ്ര സർക്കാർ അനുവദിച്ചത് .പ്രസ്തുത തുക തിരിച്ചടയ്ക്കേണ്ടതല്ലാത്തതിനാൽ 2020-21 ,2021-22 സാമ്പത്തിക വർഷങ്ങളിലെ ധനക്കമ്മിയിൽ യഥാക്രമം 5766 കോടി രൂപ ,8739.31 കോടി രൂപ കുറവ് ചെയ്തിട്ടുണ്ട്)</td></tr>
<tr><td>(ബി)</td><td>ധനക്കമ്മി നേരിടാൻ ഏതൊക്കെ വായ്പ ഇനങ്ങളെയാണ് സംസ്ഥാന സർക്കാർ ആശ്രയിച്ചത്; ഓരോ ഇനത്തിലും സമാഹരിച്ച തുക എത്ര വീതമാണ്; വിശദാംശങ്ങൾ സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?</td><td>(ബി)</td><td>സർക്കാരിനെ കടബാധ്യതയിലേയ്ക്ക് നയിക്കുന്ന വായ്പകൾ എടുത്താണ് കമ്മി നികത്തേണ്ടത്. കമ്മി,കടം എന്നീ ആശയങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.ധനക്കമ്മിയെ നേരിടാൻ സംസ്ഥാനം പ്രധാനമായും ആശ്രയിക്കുന്നത് കടമെടുപ്പിനെയാണ്. പൊതു വിപണിയിൽ നിന്നുള്ള കടമെടുപ്പുൾപ്പെടുന്ന ആഭ്യന്തര കടവും കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളുമാണ് പ്രധാന കടമെടുപ്പിനങ്ങൾ. ഈ രണ്ടിനങ്ങളിലായി 2016-17 മുതൽ 2022-23 സാമ്പത്തിക വർഷം വരെ സ്വീകരിച്ച വയ്പകളുടെ കണക്കു വിവരം ചുവടെ പട്ടികയായി ചേർക്കുന്നു.<br><br>
<table>
<tr><th colspan="4">(₹ കോടിയിൽ)</th></tr>
<tr><th>സാമ്പത്തിക വർഷം</th><th>ആഭ്യന്തര കടം</th><th>കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും</th><th>ആകെ സ്വീകരിച്ച വായ്പ (തനി)</th></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| | (തനി) | (തനി) | |
| 2016-17 | 15772.46 | 379.42 | 16151.89 |
| 2017-18 | 17231.81 | -130.15 | 17101.67 |
| 2018-19 | 15490.5 | -240.58 | 15249.92 |
| 2019-20 | 14969.00 | 1436.77 | 16405.77 |
| 2020-21* | 24514.06 | 527.45 | 25041.51 |
| 2021-22* | 20317.50 | -24.67 | 20292.83 |
| 2022-23 | 16345.48 | 1680.94 | 18026.42 |

*(*2020-21 ,2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ടി നഷ്ട പരിഹാരം വായ്പയായാണ് കേന്ദ്ര സർക്കാർ അനുവദിച്ചത്. പ്രസ്തുത തുക തിരിച്ചടയ്ക്കേണ്ടതല്ലാത്തതിനാൽ 2020-21 ,2021-22 സാമ്പത്തിക വർഷങ്ങളിലെ 'കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും' എന്ന ഇനത്തിൽ യഥാക്രമം 5766 കോടി രൂപ ,8739.31 കോടി രൂപ കുറവ് ചെയ്തിട്ടുണ്ട്.)*

സെക്ഷൻ ഓഫീസർ